I ഇ.ബി. XV - കേരള നിയമസഭ/XI-1

# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 10, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2024 ജൂൺ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നതിനായി രാവിലെ 10.01-ന് നിർത്തിവച്ച സഭ 10.42-ന് പുനരാരംഭിച്ചു.)

# I അനുമോദനം

## ശ്രീ. പ്രഭാവർമ്മയ്ക്ക് അനുമോദനം

മി. സ്പീക്കർ: ഇന്ത്യയിലെ പരമോന്നത സാഹിത്യ പുരസ്കാരങ്ങളിലൊന്നായ സരസ്വതി സമ്മാൻ ശ്രീ. പ്രഭാവർമ്മയുടെ 'രൗദ്രസാത്വികം' എന്ന കൃതിക്ക് ലഭിച്ചതിലൂടെ നമ്മുടെ നാടും ഭാഷയും ആദരിക്കപ്പെടുകയാണ്. സരസ്വതി സമ്മാൻ നേടിയതിലൂടെ അദ്ദേഹം ദേശീയ സാഹിത്യ വ്യക്തിത്വങ്ങളുടെ നിരയിലേയ്ക്ക് ഉയർന്നിരിക്കുന്നുവെന്നത് മലയാളികൾക്ക് അഭിമാനകരമാണ്. പുരസ്കാരലബ്ധിയിൽ അദ്ദേഹത്തെ അനുമോദിക്കുകയും നാടിന്റെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ശ്രീ. പ്രഭാവർമ്മയിലൂടെ മലയാള ഭാഷയും നമ്മുടെ നാടും ധന്യമാക്കപ്പെട്ടിരിക്കുന്നു. സഭാദ്ധ്യക്ഷൻ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. അദ്ദേഹത്തിന് കൂടുതൽ സംഭാവനകൾ നൽകാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): ശ്രീ. പ്രഭാവർമ്മയ്ക്ക് ലഭിച്ച പുരസ്കാരം മലയാള ഭാഷയ്ക്കും കവിതയ്ക്കും ലഭിച്ച സമ്മാനമാണ്. വ്യത്യസ്ത ആശയങ്ങളെയും വൈരുദ്ധ്യങ്ങളെയും ഒരുമിപ്പിക്കുന്ന

കലാവൈഭവമാണ് അദ്ദേഹത്തിന്റെ കവിതകളിൽ ദർശിക്കാനാകുന്നത്. വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിച്ച് കവിതയെഴുതിയ ശ്രീ. പ്രഭാവർമ്മയെ അഭിനന്ദിക്കുന്നു.

## II ചെയർപേഴ്സൺമാരുടെ പാനൽ

സർവ്വശ്രീ വി.കെ. പ്രശാന്ത്, ജി. എസ്. ജയലാൽ, ടി. സിദ്ദിഖ് എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനകാലത്തെ ചെയർപേഴ്സൺമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III അടിയന്തരപ്രമേയം

<u>ബാർ കോഴ</u>

<u>മി. സ്പീക്കർ</u>: സംസ്ഥാനത്തെ മദ്യനയം അട്ടിമറിച്ചുവെന്നും അതിനായി നടത്തിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ പുറത്തുവന്നിട്ടും അതിന്മേൽ കാര്യക്ഷമമായ അന്വേഷണം നടത്തിയിട്ടില്ലെന്നും പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, കെ. പി. എ. മജീദ്,

മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സംസ്ഥാനത്ത് പുതിയ മദ്യനയം ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2024 ജൂൺ 12, 13 തീയതികളിലാണ് ഇതുസംബന്ധിച്ച് സ്റ്റേക്ക്ഹോൾഡേഴ്സുമായി പ്രാഥമിക ചർച്ച നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ ഭരണകാര്യക്ഷമതയും വിഭവസമാഹരണവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനുള്ള സെക്രട്ടറിമാരുടെ യോഗമാണ് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തിയത്. ടൂറിസം ഡയറക്ടർ നടത്തിയ യോഗം മദ്യനയം സംബന്ധിച്ച് ചർച്ച ചെയ്യാനല്ലെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കിയിട്ടുണ്ട്. മദ്യനയത്തിന്റെപേരിൽ പണം ആവശ്യപ്പെടുന്ന വാട്ട്സ് ആപ്പ് ശബ്ദസന്ദേശം സംബന്ധിച്ച് ഡി.ജി.പി. തലത്തിൽ അന്വേഷണം നടന്നുവരികയാണ്.

ശ്രീ. റോജി എം. ജോൺ: സംസ്ഥാനത്തെ മദ്യനയം അട്ടിമറിക്കാനുള്ള നീക്കങ്ങളാണ് നടത്തിയിരിക്കുന്നത്. ബാർ മുതലാളിമാരുടെ കച്ചവട താത്പര്യങ്ങൾക്കനുകൂലമായി മദ്യനയം രൂപീകരിക്കുന്നതിന് കോഴ

നൽകുന്നതിനായി ബാറുടമകൾ 2.5 ലക്ഷം രൂപവീതം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സംഘടനാ നേതാവിന്റെ ശബ്ദസന്ദേശം പുറത്തുവന്നിരുന്നു. പ്രസ്തുത സംഭവത്തിൽ വ്യക്തമായ തെളിവുണ്ടായിട്ടും കാര്യക്ഷമമായ അന്വേഷണം നടത്താൻ സർക്കാർ തയ്യാറായിട്ടില്ല. മദ്യനയവുമായി ബന്ധപ്പെട്ട് 2024 ജനുവരി, മാർച്ച് മാസങ്ങളിൽ ചീഫ് സെക്രട്ടറിയും മെയ് മാസം ടൂറിസം ഡയറക്ടറും ബാർ അസോസിയേഷനും സ്റ്റേക്ക്ഹോൾഡേഴ്സിന്റെ യോഗം വിളിച്ച് ചേർത്തിട്ടുണ്ട്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 130 ഓളം ബാറുകൾക്ക് ലൈസൻസ് നൽകുക വഴി കേരളത്തിൽ മദ്യം യഥേഷ്ടം ഒഴുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ബാർ കോഴയുമായി ബന്ധപ്പെട്ട അഴിമതി പുറത്തുകൊണ്ടുവരുന്നതിന് അടിയന്തരമായ അന്വേഷണം നടത്തണമെന്നും ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള ആരോപണം അടിസ്ഥാനരഹിതവും വസ്തുതാവിരുദ്ധവുമാണ്. മദ്യനയത്തെ സംബന്ധിച്ച്

പ്രാഥമിക കാര്യങ്ങൾപോലും ആലോചിച്ചിട്ടില്ല. പുതിയ മദ്യനയം ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്റ്റേക്ക്ഹോൾഡേഴ്സുമായി ജൂൺ 12, 13 തീയതികളിൽ ആദ്യഘട്ട ചർച്ച നടക്കാൻ പോകുന്നതേയുള്ളൂ. മദ്യനയത്തിൽ ടൂറിസം വകുപ്പ് ഇടപെട്ടുവെന്നുള്ള പ്രതിപക്ഷ ആരോപണം ശരിയല്ല. ഡ്രൈ ഡേ ഒഴിവാക്കുന്നത് സംബന്ധിച്ച പ്രാഥമിക ആലോചനപോലും നടത്തിയിട്ടില്ല. മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ഡ്രൈ ഡേയുള്ള സംസ്ഥാനമാണ് കേരളം. ത്രീ സ്റ്റാർ പദവിയെങ്കിലുമുള്ള ബാറുകൾക്ക് മാത്രമേ ലൈസൻസ് നൽകാവൂ എന്ന ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷൻ ശിപാർശ നടപ്പാക്കിയത് ഈ ഗവൺമെന്റാണ്. സർക്കാർ കേരളത്തെ മദ്യത്തിൽ മുക്കി കൊല്ലുകയാണെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. 10 വർഷത്തിനുള്ളിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പനയും മദ്യശാലകളുടെ എണ്ണവും കുറയുകയാണുണ്ടായത്. സംസ്ഥാനത്തിന്റെ വരുമാനം മദ്യത്തെ ആശ്രയിച്ചാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. മദ്യത്തിൽനിന്നുള്ള വരുമാനം 10 വർഷംകൊണ്ട് 4.8% കുറയുകയാണ് ചെയ്തത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഏഴ് ലക്ഷം രൂപയും കഴിഞ്ഞ വർഷം അഞ്ച് ലക്ഷം രൂപയും ബാർ ലൈസൻസ് ഫീസിനത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2011-

16-ൽ അഞ്ച് ബാർ ലൈസൻസുകൾ സസ്പെന്റ് ചെയ്തപ്പോൾ 2016-21-ൽ 37-ഉം 2021-24-ൽ 87-ഉം ഈ സാമ്പത്തിക വർഷം ഇതുവരെ 15-ഉം ബാർ ലൈസൻസുകൾ സസ്പെന്റ് ചെയ്യുകയും രണ്ടെണ്ണം റദ്ദാക്കുകയും ബാറുകളുടെ പ്രവർത്തന സമയം അര മണിക്കൂർ കുറയ്ക്കുകയും ക്രമക്കേടുകൾക്കുള്ള പിഴ ഇരട്ടിയാക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. വകുപ്പ് 21 ബാർ ഹോട്ടലുകൾ പരിശോധിക്കുകയും റിട്ടേൺ സമർപ്പിക്കാൻ വീഴ്ച വരുത്തിയവർക്കെതിരെ കെ.ജി.എസ്.ടി. പ്രകാരം പിഴ ചുമത്തുകയും 16 ബാർ ഹോട്ടലുകളുടെ കെ.ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദാക്കുകയും ചെയ്തതിനെ തുടർന്ന് കൃത്യമായി റിട്ടേൺ ഫയൽ ചെയ്യാത്ത ബാറുകൾ റിട്ടേൺ ഫയൽ ചെയ്തുതുടങ്ങിയിട്ടുണ്ട്. ഗവൺമെന്റിന്റെ ഇത്തരം നടപടികൾ പ്രതിപക്ഷ ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് തെളിയിക്കാനുതകുന്നവയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): അടിയന്തര പ്രമേയ നോട്ടീസിലെ ആരോപണങ്ങൾക്ക് മറുപടി പറയുന്നതിനുപകരം യു.ഡി.എഫ്. ഗവൺമെന്റിന്റെ മദ്യനയം സംബന്ധിച്ചാണ് വകുപ്പുമന്ത്രി പരാമർശിച്ചിട്ടുള്ളത്.

ബാർ ഉടമകളുടെ സംഘടനാ നേതാവിന്റെ ശബ്ദസന്ദേശത്തെക്കുറിച്ച് കാര്യക്ഷമമായ അന്വേഷണം നടത്തണം. മദ്യനയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് സ്റ്റേക്ക്ഹോൾഡേഴ്സിന്റെ യോഗം വിളിക്കാൻ ടൂറിസം വകുപ്പിന് അധികാരമില്ല.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വകുപ്പുമന്ത്രിയുടെ നിർദ്ദേശമില്ലാതെതന്നെ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടർ യോഗങ്ങൾ നടത്താറുണ്ട്. ടൂറിസം ഇൻഡസ്ട്രിയിൽനിന്ന് ലഭ്യമായ നിവേദനങ്ങളിലെ ഒരു വിഷയം മാത്രമാണ് ഹൗസ് ബോട്ട് ഉടമകളുൾപ്പെടെയുള്ളവർ പങ്കെടുത്ത യോഗത്തിന്റെ സബ്ജക്ടായി നിശ്ചയിച്ചതെന്നകാര്യം ടൂറിസം ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): എക്സൈസ് വകുപ്പുമന്ത്രി ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കുന്നതിന് പരാതി നൽകിയെന്നത് വ്യാജ പ്രചാരണമാണ്. ഇല്ലാത്ത മദ്യനയത്തെക്കുറിച്ച് കിംവദന്തികൾ പ്രചരിപ്പിച്ചും തെറ്റിദ്ധാരണ സൃഷ്ടിച്ചും പണം പിരിക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാണ് പരാതിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സെക്കന്റ്സിന്റെ വിൽപ്പന വ്യാപകമായതും മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചതുമാണ് ബിവറേജസ് കോർപ്പറേഷൻ മുഖേന വിൽക്കുന്ന കെയ്സുകളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ കാരണം. ബാർ കോഴ സംബന്ധിച്ച് പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ പ്രൊവിഷൻ അനുസരിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ നടന്നുകൊണ്ടിരിക്കുന്ന അന്വേഷണത്തിന് ഒരുവിധത്തിലുള്ള തടസ്സവുമുണ്ടാകില്ല. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: ഈ അന്വേഷണം സ്വീകാര്യമല്ല. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ പ്രൊവിഷൻ അനുസരിച്ച് കേസെടുത്ത് അന്വേഷണം നടത്തണം.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## IV ശ്രദ്ധക്ഷണിക്കൽ

(1) ദേശീയപാതാ നിർമ്മാണംമൂലമുണ്ടാകുന്ന ട്രാഫിക് പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: വികസനപ്രവർത്തനങ്ങളുടെ ഭാഗമായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലം ഗുണമേന്മയുള്ള റോഡുകൾ പലതും തകർച്ചയിലാകുകയാണ്. റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പരാതിരഹിതമായി പൂർത്തീകരിക്കുന്നതിനും തദ്ദേശസ്വയംഭരണം, ജലവിഭവം, വൈദ്യുതി, പൊതുമരാമത്ത് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും ദേശീയപാത നിർമ്മാണം മൂലമുണ്ടാകുന്ന ഗതാഗതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പൊതുമരാമത്ത് റോഡുകളിലൂടെ യൂട്ടിലിറ്റി സ്ഥാപിക്കാനായി

അപേക്ഷിക്കുന്നതിന് ROW പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസ്തുത പോർട്ടലിൽ ലഭ്യമാക്കുന്നതിലൂടെ റോഡ് പ്രവൃത്തിക്കുശേഷം വീണ്ടും വെട്ടിപ്പൊളിക്കുന്നതൊഴിവാക്കാൻ ഒരുപരിധിവരെ സാധിച്ചിട്ടുണ്ട്. റോഡ് റെസ്റ്റൊറേഷൻ സംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും യൂട്ടിലിറ്റി/റെസ്റ്റൊറേഷൻ പ്രവൃത്തികൾ താമസംവിനാ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് ഒഴിവാക്കുന്നതിനായി വീതി വർദ്ധിപ്പിച്ച് ഡിസൈൻഡ് റോഡുകളാക്കി മാറ്റി ഡക്ട് നിർമ്മിക്കാൻ തീരുമാനിക്കുകയും 37 റോഡുകളിൽ അത് സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതര വകുപ്പുകളുടെ സഹായത്തോടെ നിലവിലുള്ള റോഡുകളോടനുബന്ധിച്ച് പ്രത്യേക യൂട്ടിലിറ്റി കോറിഡോറുകൾ സാധ്യമാക്കാനാകുമോയെന്ന് പരിശോധിക്കുന്നതാണ്. എച്ച്.ഡി.ഡി. (Horizontal Directional Drilling) പോലുള്ള നൂതന സംവിധാനങ്ങൾ വ്യാപകമാക്കാനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## V സബ്മിഷൻ

### (1) വൈപ്പിനിലെ വെള്ളപ്പൊക്ക നിവാരണ നടപടികൾ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: വൈപ്പിൻ നിവാസികൾ നേരിടുന്ന കടലാക്രമണവും വെള്ളപ്പൊക്കവും തടയാനാവശ്യമായ സംരക്ഷണഭിത്തികൾ, പുലിമുട്ടുകൾ എന്നിവ അടിയന്തരമായി നിർമ്മിക്കാനും പ്രദേശത്തിന്റെ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കാനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരിതങ്ങളിൽനിന്നും ജനങ്ങളെ കരകയറ്റാൻ ഇറിഗേഷൻ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വൈപ്പിൻ മണ്ഡലത്തിലെ തീരശോഷണം തടയാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എസ്.ഡി.ആർ.എഫ്., ഓപ്പറേഷൻ വാഹിനി എന്നിവയിലുൾപ്പെടുത്തി തോടുകളുടെ ഡീസിൽറ്റിംഗ് നടത്തുകയും വല്ലാർപാടം-പനമ്പുകാട് കായലോരം ഔട്ടർ ബണ്ടിന്റെയും റിംഗ്റോഡിന്റെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മുളവുകാട് ദ്വീപിൽ ഒരു കോടി രൂപയുടെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും എളങ്കുന്നപ്പുഴ

പഞ്ചായത്തിലെ വെള്ളക്കെട്ട് ലഘൂകരിക്കുന്നതിനായി ആർ.എം.പി. തോടിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനും ആഴംവർദ്ധിപ്പിക്കുന്നതിനുമായി ഡി.പി.ആർ. തയാറാക്കുകയും ചെയ്തിട്ടുണ്ട്. എടവനക്കാട്, പള്ളിപ്പുറം പഞ്ചായത്തുകളിൽ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണഭിത്തിയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി നായരമ്പലം പഞ്ചായത്തിൽ 14 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. വൈപ്പിൻ മേഖലയിലെ തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട് പഠനം നടത്തുകയും അനുയോജ്യമായ ഡിസൈൻ ലഭ്യമാക്കുന്നതിന് റിപ്പോർട്ടും അനുബന്ധ രേഖകളും എൻ.സി.സി.ആർ.-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(2) അഴീക്കലിൽ പുതിയ ബോട്ടുകൾ അനുവദിക്കൽ

ശ്രീ. കെ. വി. സുമേഷ്: അഴീക്കൽ-മാട്ടൂൽ-ഫെറി, പറശ്ശിനി-അഴീക്കൽ-മാട്ടൂൽ എന്നീ ബോട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും പഴകിയ ബോട്ടുകൾ മാറ്റിനൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കണ്ണൂർ-അഴീക്കൽ-മാട്ടൂൽ -ഫെറി, പറശ്ശിനി-അഴീക്കൽ-മാട്ടൂൽ എന്നീ റൂട്ടുകളിലേയ്ക്ക്

സർവ്വീസ് നടത്തുന്ന രണ്ട് ബോട്ടുകളുടെയും അറ്റകുറ്റപ്പണികൾ നടന്നുവരികയാണ്. അഴീക്കൽ-മാട്ടൂൽ-ഫെറി സർവ്വീസ് ഉടൻ ആരംഭിക്കുന്നതാണ്. ഡീസൽ ബോട്ടുകൾക്ക് പകരം സോളാർ ബോട്ട് സർവ്വീസ് ആരംഭിക്കാനുള്ള നടപടികൾ ജലഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സോളാർ ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പറശ്ശിനി സ്റ്റേഷനിലേയ്ക്ക് നൽകുന്നതാണ്.

(3) അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ അജാനൂർ ഭാഗത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 53 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പൂനെയിലെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ

മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി നടത്തി നവംബർ 2016-ന് ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 101.33 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

## (4) ഭിന്നശേഷിക്കാരായ ഡിഗ്രി വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ നിയോഗിക്കൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: ഭിന്നശേഷിക്കാരായ ഡിഗ്രി വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ നിയോഗിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട അദ്ധ്യാപകർക്ക് നൽകാൻ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഡിഗ്രി ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ സ്ക്രൈബായി പരിഗണിക്കുന്ന രീതിയാണ് സർവ്വകലാശാല സ്വീകരിച്ചുവരുന്നത്. സർവ്വകലാശാല പരീക്ഷാ മാന്വലിൽ പരീക്ഷാ കൺട്രോളർ, വകുപ്പ് മേധാവി, പ്രിൻസിപ്പാൾ, ചീഫ് സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥന്മാരെയാണ് അതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി

സാഹചര്യത്തിൽ ആവശ്യംവരുന്ന പക്ഷം സ്ക്രൈബിനെ നിയോഗിക്കുന്നതിന്റെ ഉത്തരവാദിത്വം അധ്യാപകർക്ക് നൽകുന്ന വിഷയം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(5) പുതുക്കാട് സർവജന ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. പി. പി. സുമോദ്: തരൂർ നിയോജകമണ്ഡലത്തിലെ പുതുക്കാട് സർവജന ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കുന്നതിനെതിരെ കോടതിയിൽ നിലനിൽക്കുന്ന സ്റ്റേ നീക്കംചെയ്യുന്നതിനും കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പാലക്കാട് ജില്ലയിലെ പുതുക്കാട് സർവജന ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് 2021-ൽ തത്വത്തിൽ അംഗീകാരം നൽകുകയും ബഡ്ജറ്റിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്കൂൾ ഏറ്റെടുക്കൽ നടപടി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ ഫയൽ ചെയ്ത കേസ്സിൽ സർക്കാർ ഏറ്റെടുത്ത നടപടികൾ നിർത്തിവയ്ക്കാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ സ്കൂൾ ഏറ്റെടുക്കുന്നതിനോ അതിന്റെ

പ്രവർത്തനത്തിനായി തുക വിനിയോഗിക്കുന്നതിനോ സാധിക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമവിധിന്യായം വരുന്നതുവരെ സ്കൂളിന്റെ പ്രവർത്തനം തടസ്സമില്ലാതെ കൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച നടത്തുന്നതാണ്.

(6) <u>കാസർഗോഡ് വീരമലക്കുന്നിന്റെ സംരക്ഷണം</u>

<u>ശ്രീ. എം. രാജഗോപാലൻ</u>: തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ വീരമലക്കുന്നിന്റെ സംരക്ഷണത്തിനായി അടിയന്തര ഇടപെടൽ നടത്താനും ജനപ്രതിനിധികളെയും ജില്ലാ ഭരണകൂടത്തെയും എൻ.എച്ച്.എ.ഐ. അധികൃതരെയും ഉൾപ്പെടുത്തി പ്രത്യേക യോഗം ചേർന്ന് ഇതുസംബന്ധിച്ച് ചർച്ച ചെയ്യാനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): കാസർഗോഡ് ജില്ലയിലെ വീരമലക്കുന്നിലെ മണ്ണിടിച്ചിൽ തടയുന്നതിനായി നടന്നുവരുന്ന റീട്ടെയ്നിംഗ് വാളിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുമെന്ന് ദേശീയപാത അതോറിറ്റി

ഉറപ്പ് നൽകിയിട്ടുണ്ട്. മണ്ണൊലിപ്പ് തടയാൻ slope protection with soil nailing എന്ന പ്രവൃത്തികൂടി അവിടെ നടപ്പിലാക്കുന്നതാണ്. ടി പ്രവൃത്തി മൂന്ന് മാസംകൊണ്ട് പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(സർവ്വശ്രീ ചാണ്ടി ഉമ്മൻ, കുറുക്കോളി മൊയ്തീൻ, പി.സി. വിഷ്ണുനാഥ്, പി. അബ്ദുൾ ഹമീദ് എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

## VI **റിപ്പോർട്ടുകളുടെ സമർപ്പണം**

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1 മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ നാലാമത് റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി-X-ന്റെ വനമേഖലയിലെ ഇക്കോടൂറിസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(പ്രതിപക്ഷ ബഹളം തുടർന്നുകൊണ്ടിരുന്നു.)

## VII **നിയമനിർമ്മാണകാര്യം**

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(i) <u>2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ</u>
(ii) <u>2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ</u>

<u>ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം</u>

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): "സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76 (1), 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ ഉച്ചയ്ക്കുശേഷം 12.35-ന് പിരിഞ്ഞു)

************